"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - ആലപ്പുഴ ജില്ലയിലെ വളമംഗലം വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.585/2022/ID തീയതി,തിരുവനന്തപുരം, 25-06-2022

---

പരാമർശം:- ഖാദി ബോർഡ് സെക്രട്ടറിയുടെ 03.03.2020 ലെ കെ.ബി.6714/18/സഹ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ വളമംഗലം വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം KVIND(A)238 ഉറവൂർ, എന്ന സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ സംഘത്തിന്റെ അപേക്ഷപ്രകാരം 04-05-2018 മുതൽ ആറ് മാസത്തേക്കും 03-11-2018 മുതൽ ആറ് മാസത്തേക്കും സംഘം രജിസ്ട്രാർ ആയ ആലപ്പുഴ ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ, ദീർഘിപ്പിച്ച് നല്കിയിരുന്നെങ്കിലും കോവിഡ്-19 വ്യാപനത്തെത്തുടർന്ന് ടി കാലയളവിനുള്ളിൽ ഇലക്ഷൻ നടത്താൻ കഴിഞ്ഞിട്ടില്ലായെന്നും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ഒരു വർഷത്തിലധികരിക്കുന്ന സാഹചര്യത്തിൽ കേരളാ സഹകരണ നിയമം സെക്ഷൻ 33 (1ബി) പ്രകാരം ഈ വിഷയത്തിൽ സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ ടി സംഘത്തിന്റെ നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 01.06.2019 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകണമെന്നും പരാമർശ പ്രകാരം ഖാദി ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി വളമംഗലം വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ഉത്തരവാകുന്ന തീയതി മുതലുള്ള ഒരു വർഷം വരെയോ അടുത്ത അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതലയേല്ക്കുന്ന തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടറി, വളമംഗലം വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം KVIND(A) 238 ,ഉറവൂർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം തിരുവനന്തപുരം
സി. ഇ. ഒ, കെ.ബിപ്പ്, തിരുവനന്തപുരം
ഐ & പിആർ വകുപ്പ് (ജി. ഒ. ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by S Padmaja
Date: 25-06-2022 13:06:41
സെക്ഷൻ ഓഫീസർ

പകർപ്പ് - മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (വ്യവസായവും കായികവും)
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്